(5) വികലാംഗ ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, സാമൂഹികമായി ഏറെ അവഗണനയും ദുരിതവും അനുഭവിക്കുന്ന ഒരു വിഭാഗമാണ് വികലാംഗർ. വിവിധ കാലയളവുകളിൽ സർക്കാർ സർവ്വീസ്സിൽ ജോലി ചെയ്ത താൽക്കാലിക ജീവനക്കാരെ കാലപരിധിയില്ലാതെ സർവ്വീസിൽ സ്ഥിരപ്പെടുത്താനുള്ള നടപടിയുണ്ടാകണം. വികലാംഗ പെൻഷൻ തുക 500 രൂപയായെങ്കിലും ഉയർത്തുന്നതിനുള്ള നടപടിയുണ്ടാകണം. പെൻഷൻ കുടിശിക വരുത്താതെ അതാതു മാസങ്ങളിൽത്തന്നെ വിതരണം ചെയ്യുന്നുയെന്നു ഉറപ്പുവരുത്തണം. പ്രൊഫഷണൽ വിദ്യാഭ്യാസസ്ഥാപനങ്ങളിലും ഹയർ സെക്കൻഡറി സ്ക്കൂളുകളിലും മൂന്ന് ശതമാനം സംവരണം ലഭ്യമാക്കണം. സർക്കാരിൽ നിന്നുള്ള എല്ലാ ആനുകൂല്യങ്ങൾക്കും ആധികാരിക രേഖയായി വികലാംഗ തിരിച്ചറിയൽ കാർഡ് അംഗീകരിക്കണം. വികലാംഗ സംരക്ഷണനിയമത്തിന്റെ ആനുകൂല്യങ്ങൾ വികലാംഗർക്ക് അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, വികലാംഗ സംഘടനകളുടെ വിവിധ ആവശ്യങ്ങൾ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ശരിയാണ്. പെൻഷൻ, അതുപോലെത്തന്നെ അവരുടെ താൽക്കാലിക നിയമനങ്ങൾ ഇവയെസംബന്ധിച്ച് അവർ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സജീവമായി ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ചില തീരുമാനങ്ങളൊക്കെ എടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുസംബന്ധിച്ചുള്ള കണക്ക് ഗവൺമെന്റ് എടുത്തുവരികയാണ്. വളരെ കൂടുതൽ ഇല്ലെങ്കിൽ അത് പരിഗണിക്കണമെന്നുള്ള ഒരു അനുകൂല സമീപനമാണ് ക്യാബിനറ്റിൽ വന്നപ്പോൾ ക്യാബിനറ്റ് എടുത്തത്. ശരിയായ കണക്ക് ക്യാബിനറ്റിൽ ഇതുവരെ വന്നിട്ടില്ല. സാമൂഹ്യ ക്ഷേമവകുപ്പ് ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ ഒരു സമീപനം എടുത്തു മുന്നോട്ടു പോവുകയാണ്. മൂന്നു ശതമാനം സംവരണത്തിന്റെ കാര്യത്തിൽ, ഈ ഗവൺമെന്റ് കളക്ടേഴ്സ് മീറ്റിംഗിലും മറ്റുമൊക്കെയായിട്ട് വളരെയധികം ഇൻസിസ്റ്റ് ചെയ്യുന്നുണ്ട്. അവരുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള സത്വരനടപടികൾ എടുക്കുന്നതാണ്.

V റിപ്പോർട്ട് സമർപ്പണം

ഒന്നു മുതൽ പത്തുവരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടുകൾ

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി. കെ. ആർ. ഗൗരിയമ്മ) : സർ, കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച ഒന്നാം സബ്ജക്ട് കമ്മിറ്റിയുടെ 2002 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച രണ്ടാം സബ്ജക്ട് കമ്മിറ്റിയുടെ 2002 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ജലസേചനവും വൈദ്യുതിയും സംബന്ധിച്ച മൂന്നാം സബ്ജക്ട് കമ്മിറ്റിയുടെ 2002 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച നാലാം സബ്ജക്ട് കമ്മിറ്റിയുടെ 2002 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, പൊതുമരാമത്തും ഗതാഗതവും വാർത്താ വിനിമയവും സംബന്ധിച്ച അഞ്ചാം സബ്ജക്ട് കമ്മിറ്റിയുടെ 2002 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, സാമൂഹ്യ സേവനം സംബന്ധിച്ച ആറാം സബ്ജക്ട് കമ്മിറ്റിയുടെ 2002 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) : സർ, ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച ഏഴാം സബ്ജക്ട് കമ്മിറ്റിയുടെ 2002 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച എട്ടാം സബ്ജക്ട് കമ്മിറ്റിയുടെ 2002 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച ഒമ്പതാം സബ്ജക്ട് കമ്മിറ്റിയുടെ 2002 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പത്താം സബ്ജക്ട് കമ്മിറ്റിയുടെ 2002 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ ഇരുപത്തിയാറു മുതൽ മുപ്പത്തിയെട്ടുവരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പൊതുമേഖലാസ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ 26 മുതൽ 38 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly